# നട്ടെല്ലിലെ ക്ഷതത്തിനു താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ സൗഖ്യം

കൊച്ചി: വിപിഎസ് ലേക് ഷോർ ആശുപത്രിയിൽ വൈപ്പർ 2 സിസ്റ്റമുപയോഗിച്ചു താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ നട്ടെല്ലിനേറ്റ ക്ഷതം സുഖപ്പെടുത്തി. കൊല്ലം സ്വദേശി ടി.ജി. വർഗീസിനാണു സൗഖ്യം ലഭിച്ചത്. വൈപ്പർ 2 സിസ്റ്റം എന്ന അമേരിക്കൻ സാങ്കേതികവിദ്യ ഉപയോഗിച്ചു കേരളത്തിലാദ്യമായാണു നട്ടെല്ലിൽ താക്കോൽദ്വാര ശസ്ത്രക്രിയ നടത്തുന്നതെന്ന് ആശുപത്രി അധികൃതർ അവകാശപ്പെട്ടു. നട്ടെല്ലിൽ ഒന്നു മുതൽ രണ്ടുവരെ സെന്റിമീറ്റർ നീളത്തിൽ ദ്വാരമുണ്ടാക്കി ദൃശ്യങ്ങളുടെ സഹായത്താൽ അതിലേക്കു പ്രത്യേകം രൂപകൽപന ചെയ്ത ടൈറ്റാനിയത്തിൽ തയാറാക്കിയ ഇംപ്ലാന്റ് നട്ടെല്ലിൽ ഘടിപ്പിക്കുകയായിരുന്നു. രോഗി വേഗത്തിൽ സുഖം പ്രാപിച്ച് അടുത്ത ദിവസം തന്നെ നടക്കാൻ തുടങ്ങിയെന്നും ആശുപത്രി അധികൃതർ പറഞ്ഞു.

കൺസൾട്ടന്റ് സ്പൈൻ സർജൻ ഡോ.കൃഷ്ണകുമാറിന്റെ നേതൃത്വത്തിലുള്ള ഡോക്ടർമാരുടെ സംഘമാണു താക്കോൽദ്വാര ശസ്ത്രക്രിയ നടത്തിയത്. ചെറിയ മുറിവ്, കുറഞ്ഞ ശസ്ത്രക്രിയാസമയം, കുറഞ്ഞ രക്തസ്രാവം, വേഗം സുഖപ്പെടൽ എന്നിവയാണു നട്ടെല്ലിനു താക്കോൽദ്വാര ശസ്ത്രക്രിയ നടത്തുന്നതിന്റെ ഗുണമെന്നു ഡോ. കൃഷ്ണകുമാർ പറഞ്ഞു. സാധാരണയായി വലിയ ശസ്ത്രക്രിയയാണു നട്ടെല്ലിലെ ക്ഷതത്തിനു ചെയ്യുന്നത്. ശസ്ത്രക്രിയയ്ക്കുശേഷം രോഗിക്ക് ഏറെ നാളത്തെ വിശ്രമവും വേണ്ടിവരുമെന്നും അദ്ദേഹം പറഞ്ഞു.

നട്ടെല്ലിലെ ക്ഷതംമൂലം കഴിഞ്ഞ രണ്ടാഴ്ചയായി രോഗി കടുത്ത വേദനയനുഭവിക്കുകയായിരുന്നു. മൾട്ടിപ്പിൾ മൈലോമ എന്ന അർബുദം മൂലമാണു ക്ഷതമുണ്ടായത്.

ആദ്യം ആയുർവേദ ചികിത്സ തേടിയെങ്കിലും ഫലമുണ്ടാകാത്തതിനെത്തുടർന്നു കൊല്ലത്തെ ആശുപത്രിയിലെത്തിയ വർഗീസിനെ അവിടുത്തെ ഡോക്ടർമാർ വിപിഎസ് ലേക്ഷോർ ആശുപത്രിയിലേക്കു റഫർ ചെയ്യുകയായിരുന്നു.

# നട്ടെല്ലിലെ ക്ഷതം താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ സുഖപ്പെടുത്തി

കൊച്ചി: നട്ടെല്ലിനേറ്റ ക്ഷതം താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ വി.പി.എസ് ലേക്ഷോർ ആശുപത്രിയിൽ സുഖപ്പെടുത്തി. കൊല്ലം സ്വദേശി ടി. ജി. വർഗീസി(65)നെയാണ് ശസ്ത്രക്രിയയ്ക്ക് വിധേയമാക്കിയത്. കേരളത്തിലാദ്യമായാണ് നട്ടെല്ലിൽ താക്കോൽദ്വാര ശസ്ത്രക്രിയ നടത്തുന്നതെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.

അമേരിക്കൻ സാങ്കേതികവിദ്യ ഉപയോഗിച്ച് നട്ടെല്ലിൽ ഒന്നു മുതൽ രണ്ടു സെന്റിമീറ്റർ നീളത്തിൽ ദ്വാരമുണ്ടാക്കി ദൃശ്യങ്ങളുടെ സഹായത്തോടെയാണ് ശസ്ത്രക്രിയ നടത്തിയത്. സുഖം പ്രാപിച്ച വർഗീസ് നടക്കാൻ തുടങ്ങിയതായി ആശുപത്രി അധികൃതർ പറഞ്ഞു.

കൺസൾട്ടന്റ് സ്പൈൻ സർജൻ ഡോ. കൃഷ്ണകുമാറിന്റെ നേതൃത്വത്തിലാണ് ശസ്ത്രക്രിയ നടത്തിയത്. ചെറിയ മുറിവ്, കുറഞ്ഞ ശസ്ത്രക്രിയാസമയം, രക്തസ്രാവം, വേഗം സുഖപ്പെടൽ എന്നിവയാണ് താക്കോൽദ്വാര ശസ്ത്രക്രിയയുടെ ഗുണമെന്ന് ഡോ. കൃഷ്ണകുമാർ പറഞ്ഞു.

നട്ടെല്ലിലെ ക്ഷതം മൂലം രണ്ടാഴ്ചയായി രോഗി കടുത്ത വേദന അനുഭവിക്കുകയായിരുന്നു. മൾട്ടിപ്പിൾ മൈലോമ എന്ന അർബുദം മൂലമാണ് ക്ഷതമുണ്ടായത്. ആദ്യം ആയുർവേദ ചികിത്സ തേടിയെങ്കിലും ഫലമുണ്ടാകാത്തതിനെ തുടർന്നാണ് ലേക്ഷോറിൽ എത്തിയത്.

# വി.പി.എസ് ലേക്ക്ഷോറിൽ നട്ടെല്ലിലെ ക്ഷതം താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ സുഖപ്പെടുത്തി

കൊച്ചി: കേരളത്തിലാദ്യമായി കൊച്ചിയിലെ വി.പി.എസ് ലേക്ക്ഷോർ ആശുപത്രിയിൽ വൈപ്പർ 2 സിസ്റ്റമുപയോഗിച്ച് താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ നട്ടെല്ലിനേറ്റ ക്ഷതം സുഖപ്പെടുത്തി. നട്ടെല്ലിന് ക്ഷതമേറ്റ 65 കാരനായ കൊല്ലം സ്വദേശി ടി.ജി. വർഗീസിനെയാണ് വി.പി.എസ് ലേക്ക്ഷോർ ആശുപത്രിയിൽ താക്കോൽദ്വാര ശസ്ത്രക്രിയക്ക് വിധേയമാക്കിയത്.

വൈപ്പർ 2 സിസ്റ്റം എന്ന അമേരിക്കൻ സാങ്കേതികവിദ്യ ഉപയോഗിച്ച് നടത്തിയ ശസ്ത്രക്രിയയിൽ നട്ടെല്ലിൽ 1 മുതൽ 2 സെമി നീളത്തിൽ ദ്വാരമുണ്ടാക്കി ദൃശ്യങ്ങളുടെ സഹായത്താൽ അതിലേക്ക് പ്രത്യേകം രൂപകൽപന ചെയ്ത ടൈറ്റാനിയത്തിൽ തയാറാക്കി നട്ടെല്ലിൽ ഘടിപ്പിക്കുകയാണ് ചെയ്യുന്നത്. ശസ്ത്രക്രിയയെ തുടർന്ന് രോഗി വേഗത്തിൽ സുഖം പ്രാപിക്കുകയും അടുത്ത ദിവസം തന്നെ നടക്കാൻ തുടങ്ങിയതായും ആശുപത്രി അധികൃതർ പറഞ്ഞു.

വി.പി.എസ് ലേക്ക്ഷോർ ആശുപത്രിയിലെ കൺസൾട്ടന്റ് സ്പൈൻ സർജൻ ഡോ. കൃഷ്ണകുമാറിന്റെ നേതൃത്വത്തിലുള്ള ഡോക്ടർമാരുടെ സംഘമാണ് വർഗീസിൽ ശസ്ത്രക്രിയ നടത്തിയത്.

ചെറിയ മുറിവ്, കുറഞ്ഞ ശസ്ത്രക്രിയാ സമയം, കുറഞ്ഞ രക്തസ്രാവം, വേഗം സുഖപ്പെടൽ എന്നിവയാണ് നട്ടെല്ലിന് താക്കോൽദ്വാര ശസ്ത്രക്രിയ നടത്തുന്നതിന്റെ ഗുണമെന്ന് ഡോ. കൃഷ്ണകുമാർ പറഞ്ഞു. സാധാരണയായി വലിയ ശസ്ത്രക്രിയയാണ് നട്ടെല്ലിലെ ക്ഷതത്തിന് ചെയ്യുന്നത്. ശസ്ത്രക്രിയക്ക് ശേഷം രോഗിക്ക് ഏറെ നാളത്തെ വിശ്രമവും വേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു.

നട്ടെല്ലിലെ ക്ഷതം മൂലം കഴിഞ്ഞ രണ്ടാഴ്ചയായി രോഗി കടുത്ത വേദനയനുഭവിക്കുകയായിരുന്നു. മൾട്ടിപ്പിൾ മൈലോമ എന്നൊരുതരം അർബുദം മൂലമാണ് ക്ഷതമുണ്ടായത്. ആദ്യം ആയുർവേദ ചികിത്സ തേടിയെങ്കിലും ഫലമുണ്ടാകാത്തതിനെ തുടർന്ന് കൊല്ലത്തെ ആശുപത്രിയിലെത്തിയ വർഗീസിനെ അവിടുത്തെ ഡോക്ടർമാർ വി.പി.എസ് ലേക്ക്ഷോർ ആശുപത്രിയിലേക്ക് റഫർ ചെയ്യുകയായിരുന്നു.